**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-തിരുപ്പതി രാഷ്ട്രീയ സംസ്കൃത സൻസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് പ്രീ ഡിഗ്രി (പ്ലസ് 2) ന് തത്തുല്യമായി അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.137/2018/പൊവിവ** **തിരുവനന്തപുരം, തീയതി 03/10/2018**

---

പരാമർശം:- 1). എസ്.സി.ഇ. ആർ.ടി ഡയറക്ടറുടെ 9-8-18-ലെ പ്രോഗ്രാം2/2050/18/SCERT നമ്പർ കത്ത്.

**ഉത്തരവ്**

തിരുപ്പതി രാഷ്ട്രീയ സംസ്കൃത സൻസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് പ്രീ ഡിഗ്രിക്ക് (+2 ന്) തുല്യമായി പരിഗണിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം എസ്.സി.ഇ.ആർ.ടി യുടെ റിപ്പോർട്ട് ലഭ്യമാക്കി വിശദമായി പരിശോധിക്കുകയുണ്ടായി. രാഷ്ട്രീയ സംസ്കൃത സൻസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് പ്രീഡിഗ്രി (+2) വിന് തുല്യമാണെന്നും കേരളത്തിലെ എല്ലാ സർവ്വകലാശാലകളും പ്രീഡിഗ്രിയ്ക്ക് (ഇപ്പോഴത്തെ +2) തുല്യമായി അംഗീകരിച്ചിട്ടുള്ളതാണെന്നും ആയതിനാൽ തിരുപ്പതി രാഷ്ട്രീയ സംസ്കൃത സൻസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് പ്രീഡിഗ്രിയ്ക്ക് (+2 ന്) തുല്യമായി പരിഗണിക്കാമെന്നും എസ്.സി.ഇ.ആർ.ടി ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കേരളത്തിലെ വിദ്യാലയങ്ങളിൽ അദ്ധ്യാപക നിയമനത്തിന്, തിരുപ്പതി രാഷ്ട്രീയ സംസ്കൃത സൻസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് പ്രീഡിഗ്രിയ്ക്ക് (+2 ന്) തുല്യമായി നിശ്ചയിച്ച ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച് KER ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.

ഡയറക്ടർ, വെബ് & ന്യൂമീഡിയ (പ്രസ് റിലീസ്), വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും.

കരുതൽ ഫയൽ / ഓഫീസ് കോപ്പി